दूरभाष / Phone: 0481-2301231, ऐक्सटेंशन/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब जेल रोड, कोट्टयम 686 002
केरल राज्य, भारत

प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.

PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/1(PRM-05)/2018-19/PUB

പ്രസ്സ് റിലീസ്

# റെയിൻഗാർഡിങ്ങിൽ പരിശീലനം

കോട്ടയം
12 ഏപ്രിൽ 2018

റെയിൻഗാർഡിങ്ങിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്യുന്ന വിധം, വിവിധയിനം റെയിൻഗാർഡിങ്രീതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം ഏപ്രിൽ 20-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചു നടക്കും. ഫീസ് 500 രൂപ (18 ശതമാനം നികുതി പുറമെ). പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കുന്നതാണ്. കൂടാതെ, റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവും ലഭിക്കും.

പങ്കെടുക്കാൻ താൽപര്യമുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം പരിശീലനഫീസ് ഡയറക്ടർ (ട്രെയിനിങ്) എന്ന പേരിൽ കോട്ടയത്തു മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ, മണിയോർഡർ ആയോ ഡയറക്ടർ (ട്രെയിനിങ്), റബ്ബർബോർഡ് പി.ഒ., കോട്ടയം-9, കേരളം എന്ന വിലാസത്തിൽ അയയ്ക്കണം. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (ഐ.എഫ്.എസ്. കോഡ് - CBIN 0284156)യുടെ 1450300184 എന്ന അക്കൗണ്ട് നമ്പറിലേക്ക് നേരിട്ടും ട്രാൻസ്ഫർ ചെയ്യാം. അപേക്ഷയിൽ പണമടച്ച രീതി, രസീതിന്റെ നമ്പർ, തീയതി തുടങ്ങിയ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ചേർത്തിരിക്കണം. വിവരങ്ങൾ ഇ-മെയിലായി training@rubberboard.org.in-ലേക്ക് നേരിട്ടയയ്ക്കാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0481- 2351313, 2353127.

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)